കെ. ടി. ഡി. സി.-യുടെ സെൻട്രൽ റിസർവേഷൻ സംവിധാനം

11 [1789] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.-യുടെ സെൻട്രൽ റിസർവേഷൻ സംവിധാനം എന്നു മുതലാണ് നിലവിൽ വന്നതെന്നും ഇതിലൂടെ നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) നിലവിൽ ഏതൊക്കെ ഹോട്ടലുകൾ/റിസോർട്ടുകൾ മുതലായവയിൽ ഏതുതരം മുറി എത്ര രൂപ വാടകയ്ക്ക് സെൻട്രൽ റിസർവേഷൻ മുഖാന്തിരം ഏർപ്പെടുത്തി നൽകുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) റിസർവ് ചെയ്തു നൽകുന്നതിലൂടെ കെ.ടി.ഡി.സി.-ക്ക് വരുമാനം ലഭിക്കുന്നുണ്ടോ; എങ്കിൽ ഓരോ താമസ സ്ഥലത്തെയും ഓരോ തരം മുറിയും റിസർവ്വ് ചെയ്യുമ്പോൾ ലഭിക്കുന്ന വരുമാനം എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സംവിധാനം നിലവിൽ വന്നശേഷമുള്ള ഓരോ വർഷവും ഇപ്രകാരം കെ.ടി.ഡി.സി.-ക്ക് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) റിസർവേഷൻ ഏർപ്പെടുത്തിക്കൊടുക്കുന്നതിന് എന്ത് തുകയാണ് വിനോദസഞ്ചാരികളിൽ നിന്നും സർവീസ് ചാർജ് ഇനത്തിൽ ഈടാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ സംവിധാനത്തിലൂടെ വാഹനസൗകര്യം ഏർപ്പെടുത്തി നൽകാറുണ്ടോ; എങ്കിൽ ഓരോ വർഷവും ഏതെല്ലാം സ്ഥാപനത്തിന്റെ/വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നതെന്നും ഇതിലൂടെ കെ.ടി.ഡി.സി.-ക്ക് ഓരോ വർഷവും ലഭിച്ച വരുമാനം എത്ര വീതമെന്നും അറിയിക്കാമോ?

ഉത്തരം

(എ) കെ.ടി.ഡി.സി.-യുടെ സെൻട്രൽ റിസർവേഷൻ സംവിധാനം നിലവിൽ വന്നത് 1984-ൽ ആണ്. വിനോദ സഞ്ചാരികൾക്ക് അവരുടെ ആവശ്യപ്രകാരം കെ.ടി.ഡി.സി.-യുടെ ഹോട്ടലുകളിലും, കെ.ടി.ഡി.സി.-യുമായി കരാർ ഉള്ള ഹോട്ടലുകളിലും, തെക്കെ ഇൻഡ്യയിലെ വിനോദ സഞ്ചാരവകുപ്പിന്റെ നടത്തിപ്പിലുള്ള ഹോട്ടലുകളിലും താമസസൗകര്യം ഏർപ്പെടുത്തി കൊടുക്കുന്നു.

(ബി) കെ.ടി.ഡി.സി.-യുമായി കരാർ ഉള്ള സ്വകാര്യ ഹോട്ടലുകളിലും, റിസോർട്ടുകളിലും, ഹൗസ് ബോട്ടുകളിലും അവരവരുടെ ആവശ്യ പ്രകാരമുള്ള തുകയ്ക്ക് താമസ സൗകര്യം ഏർപ്പെടുത്തി കൊടുക്കുന്നു.

(സി) ഉണ്ട്. ഓരോ മുറിയുടേയും നിരക്കിന്റെ 10 ശതമാനം വീതം കമ്മീഷൻ ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഴയ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. ലഭ്യമായ കണക്കുകൾ താഴെ കൊടുക്കുന്നു.

2001-2002	63,24,359
2002-2003	64,88,981
2003-2004	76,66,994

(ഇ) റിസർവേഷൻ ഏർപ്പെടുത്തി കൊടുക്കുന്നതിന് വിനോദസഞ്ചാരികളിൽ നിന്ന് യാതൊരു സർവീസ് ചാർജ്ജും ഈടാക്കുന്നില്ല.

(എഫ്) ഈ സംവിധാനത്തിലൂടെ വാഹന സൗകര്യം ആവശ്യപ്പെടുന്ന വിനോദസഞ്ചാരികൾക്ക് അവ ഏർപ്പെടുത്തിക്കൊടുക്കുന്നുണ്ട്. ഇതിനുവേണ്ടി ജയശ്രീ ട്രാവൽസ് എന്ന സ്ഥാപനത്തിന്റെ വാഹനങ്ങൾ ആണ് ഉപയോഗിക്കുന്നത്. ജയശ്രീ ട്രാവൽസും കെ.ടി.ഡി.സി.-യുമായി വാഹന ഉപയോഗത്തിന് 2003-ൽ ഒരു കരാർ ഏർപ്പെടുത്തിയിട്ടുണ്ട്. 2003 ഏപ്രിൽ മുതൽ 2004 മാർച്ച് വരെയുള്ള കാലഘട്ടത്തിൽ ഈ കരാറിലൂടെ കെ.ടി.ഡി.സി.-ക്ക് 10 ശതമാനം കമ്മീഷൻ വ്യവസ്ഥയിൽ 32,762 രൂപ ലഭിച്ചിട്ടുണ്ട്.

കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനിൽ ഓവർസിയർ ഗ്രേഡ് ഒന്നിന്റെ ഒഴിവുകൾ

12 [1790] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനിൽ ഓവർസിയർ ഗ്രേഡ് ഒന്നിന്റെ (ഇലക്ട്രിക്കൽ) എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് പ്രസ്തുത ഒഴിവുകളിലേക്ക് നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത ഒഴിവിലേക്ക് പി.എസ്.സി. ശുപാർശ ചെയ്തിട്ടും കെ.റ്റി.ഡി.സി. നിയമനം നടത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) അടിയന്തിരമായി നിയമനങ്ങൾ നടത്തുന്നതിന് നടപടിയെടുക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ ഒന്നും നിലവിലില്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly